GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/09/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 14 മുതൽ 16 വരെ **'സൂക്ഷ്മ ജലസേചനവും ലാൻഡ് സ്കേപ്പിങ്ങും'** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 1500/- രൂപ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഒക്ടോബർ 12 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

2. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) യുടെ 25-ാമത് വാർഷിക പൊതുയോഗവും അവാർഡ് ദാനവും ഇന്ന് സെപ്റ്റംബർ 30 ന് തിരുവനന്തപുരം ജില്ലയിലെ ഇടപ്പഴഞ്ഞിയിലുള്ള അളകാപുരി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്നു. വിവിധ ജില്ലകളിൽ നിന്നുമുള്ള വി.എഫ്.പി.സി.കെ ഓഹരി ഉടമകളായ 800 ഓളം കർഷകർ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കും. രാവിലെ 10 ന് അളകാപുരി കൺവെൻഷൻ സെന്ററിൽ വച്ച് നടക്കുന്ന സമ്മേളനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ദിഖ് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്യും, കൗൺസിലിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതുമാണ്.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള വെള്ളാനിക്കര കാർഷിക കോളേജിലെ ഫ്ലോറികൾച്ചർ ഡിപ്പാർട്മെന്റിൽ ചെമ്പരത്തി, മുസാണ്ട(മഞ്ഞ), പെന്റാസ്(വിവിധനിറങ്ങൾ), ചെത്തികൾ, ലന്റാന (പിങ്ക് ), മുല്ല, പത്തുമണി എന്നീ ചെടികൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9607585594, 8547254010 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. 2026 –ൽ റബർത്തോട്ടങ്ങളിൽ റെയിൻഗാർഡിങ്ങും സ്പ്രേയിങ്ങും നടത്തിയതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദക സംഘങ്ങൾക്ക് അപേക്ഷിക്കാം. പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലും ഉള്ളവർക്ക് മാത്രമേ സ്പ്രേയിങ് നടത്തിയതിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. റബ്ബർബോർഡ് വെബ് സൈറ്റിലുള്ള 'സർവ്വീസ്പ്ലസ്' പോർട്ടൽ വഴി ഒക്ടോബർ 15 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോർഡ് ചെയ്യേണ്ടതാണ്. ഹെക്ടർ ന് പരാമാവധി 4000 രൂപാ വീതമാണ് ധനസഹായം. വിശദവിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ് സൈറ്റായ www.rubberboard.gov.in സന്ധർശിക്കുകയോ, റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ വഴിയോ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന 0481–2576622 എന്ന കോൾസെന്റർ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി, പടന്നക്കാട്, അമ്പലവയൽ എന്നീ കാർഷിക കോളേജുകളിൽ ഈ അധ്യയന വർഷം (2026–27) മുതൽ റിവോൾവിംഗ് ഫണ്ട് രീതിയില് അധിക ബാച്ചായി ആരംഭിക്കുന്ന ബി.എസ്.സി.(ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ കോഴ്സിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തിയ്യതി ഇന്ന് സെപ്റ്റംബർ 30 വരെ നീട്ടിയിരിക്കുന്നു. യോഗ്യത,

പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവ്വകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487-2438139 എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

6. നെല്ല് കർഷകർക്കുള്ള മുന്നറിയിപ്പ്

വിത കഴിഞ്ഞ 40 ദിവസത്തിന് മുകളിൽ പ്രായമായ തകഴി, നെടുമുടി, അമ്പലപ്പുഴ നോർത്ത് കൃഷിഭവനുകളുടെ പരിധിയിലുള്ള ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിധ്യം കാണുന്നു. പകൽ സമയത്തെ കഠിന ചൂടും, രാത്രിയിലെ തണുപ്പുമായ കാലാവസ്ഥയിൽ മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോട്ടുകൂടിയിരിക്കണം സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വർദ്ധനവിന് കാരണമാകുമെന്നതിനാൽ, കർഷകർ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

ഈ സാഹചര്യത്തിൽ കർഷകർ അടിയന്തിരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മുഞ്ഞ കൂടുതലായി കാണപ്പെടുന്ന പാടശേഖരങ്ങളിൽ വെള്ളം കയറ്റിയിറക്കിയതിനുശേഷം കൃഷി ഓഫീസറുടെ നിർദ്ദേശ പ്രകാരമുള്ള കീടനാശിനി മാത്രമേ ഉപയോഗിക്കാവൂ. മുഞ്ഞയ്ക്ക് കീടനാശിനി തളിക്കുമ്പോൾ നെൽച്ചെടിയുടെ ചുവട്ടിൽ വീഴുന്ന വിധം വേണം സ്പ്രേ ചെയ്യേണ്ടത്.

- നിലവിൽ മുഞ്ഞ കാണാത്ത പാടശേഖരങ്ങളിൽ മുഞ്ഞയ്ക്കെതിരെ ഇപ്പോൾ കീടനാശിനിപ്രയോഗം ആവശ്യമില്ല.

- മഴ മാറി ചൂട് അമിതമായി നിൽക്കുന്ന സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം സാധാരണയായി ഉണ്ടാകാറുണ്ട്. കർഷകർ ജാഗ്രത പുലർത്തേണ്ടതും നിരന്തരം നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്.

- അനാവശ്യമായി മിത്ര കീടങ്ങളെ കൂടി നശിപ്പിക്കുന്ന കീടനാശിനിപ്രയോഗം നടത്തുന്നത് മുഞ്ഞബാധ രൂക്ഷമാകാൻ കാരണമാകും.

അവധി ദിവസങ്ങളിലും കർഷകർക്ക് അന്വേഷണങ്ങൾക്ക് അതാത് കൃഷിഭവനുകളിലെ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.